# പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: * 82 08.03.2012-ൽ മറുപടിക്ക്

## വേനൽക്കാല ജലശോഷണം നേരിടാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ. പി. ഉബൈദുള്ള**<br>**,, കെ.എൻ.എ. ഖാദർ**<br>**,, എം. ഉമ്മർ**<br>**,, അബ്ദുറഹിമാൻ രണ്ടത്താണി** | | ശ്രീ. പി. ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | വേനൽക്കാല ജലശോഷണം കണക്കിലെടുത്ത് സംസ്ഥാനത്ത് കുടിവെള്ള ക്ഷാമം നേരിടാൻ സ്വീകരിച്ചിട്ടുള്ള മുൻകരുതൽ നടപടികളെന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | വേനൽക്കാല ജലശോഷണം കണക്കിലെടുത്ത്, കടുത്ത കുടിവെള്ളക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ, അത് തരണം ചെയ്യുന്നതിനായി ധനലഭ്യതയ്ക്കനുസൃതമായി താഴെ പറയുന്ന നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.<br>1. ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം<br>2. കേടായ പമ്പ്സെറ്റുകളുടെ അറ്റകുറ്റപ്പണികൾ<br>3. പമ്പ് സെറ്റുകൾ മാറ്റിവയ്ക്കുന്ന പണികൾ<br>4. വാട്ടർലൈനുകളിലുള്ള ലീക്കുകൾ മാറ്റുക.<br>5. സാങ്കേതികമായി സാധ്യമായ സ്ഥലങ്ങളിൽ ജലത്തിന്റെ ലഭ്യത അനുസരിച്ച് പൈപ്പ് ലൈനുകൾ നീട്ടുക.<br>6. തകരാറിലായ പൈപ്പുലൈനുകൾ മാറ്റുക.<br>7. ഡൈവേർഷൻ ചാനലുകൾ മുഖേന നീരൊഴുക്കു വർദ്ധിപ്പിക്കുകയും സ്രോതസ്സുകളിലേക്ക് തിരിച്ച് വിടുകയും ചെയ്യുക.<br>8. കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്യുക.<br>9. പമ്പിംഗ് സമയം ക്രമീകരിച്ച് നിശ്ചിതസമയം കുടിവെള്ളം നൽകുക മുതലായവ. |
| (ബി) | കുടിവെള്ളസ്രോതസ്സുകളിൽ ജലദൗർലഭ്യമുണ്ടാകാതിരിക്കാൻ മഴക്കാലത്ത് സ്വീകരിച്ച ജലശേഖരണ പ്രവർത്തനങ്ങളുടെ വിശദവിവരം നൽകാമോ; | (ബി) | കുടിവെള്ള സ്രോതസ്സുകളിൽ സ്ഥിരം തടയണകളുള്ള സ്ഥലങ്ങളിൽ, മഴക്കാലത്ത് ലഭ്യമാകുന്ന ജലം ശേഖരിക്കുവാൻ കഴിയുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | അടിയന്തിര സാഹചര്യങ്ങളിൽ, സംസ്ഥാനത്തെ വിദൂര ഗ്രാമങ്ങളിലുൾപ്പെടെ കുടിവെള്ളമെത്തിച്ചു കൊടുക്കാൻ സംവിധാനമൊരുക്കിയിട്ടുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (സി) | അടിയന്തിര സാഹചര്യങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള അഭ്യർത്ഥന പ്രകാരം പമ്പിംഗ് സമയം വർദ്ധിപ്പിച്ചും വാൽവുകൾ റഗുലേറ്റ് ചെയ്തും ടാങ്കർ ലോറി ഉപയോഗിച്ചും ശുദ്ധജലം എത്തിക്കാറുണ്ട്. |
| (ഡി) | ഈ കാര്യത്തിന് ഓരോ താലൂക്കിലും ഒരു കേന്ദ്രമെന്ന വിധത്തിൽ ആവശ്യമായ സൗകര്യമേർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | സാധാരണ നിലയിൽ നിലവിലുള്ള സംവിധാനം പര്യാപ്തമായാണ് കണ്ടുവരുന്നത്. എന്നാൽ പൊതുവെ ലഭിക്കാറുള്ള വേനൽ മഴകൾ ലഭിക്കാതെ വരികയും, തന്മൂലം രൂക്ഷമായ വരൾച്ച അനുഭവപ്പെടുകയും ചെയ്യുകയാണെങ്കിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപ്പിപ്പിച്ച് നടപ്പാക്കുന്നതിനായി താലൂക്ക് തലങ്ങളിൽ കൺട്രോൾ റൂമുകൾ സ്ഥാപിച്ച് വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ